ഗുജറാത്ത് സർക്കാരിന്റെ അഭ്യർത്ഥനപ്രകാരം, ഒരു ഗ്രാമം മാറ്റി സ്ഥാപിക്കണമെന്ന മുൻതീരുമാനം ഉപേക്ഷിച്ച് പകരമായി ഭൂജിലെ സർക്കാർ പോളിടെക്നിക്കിന്റെ പുനർനിർമ്മാണം നടത്തുവാനായി 10 കോടി രൂപ മൂന്ന് ഗഡുക്കളായി കൊടുക്കാൻ അനുവദിച്ചപ്രകാരം ആദ്യ ഗഡുവായി 3 കോടി രൂപ (മൂന്ന് കോടി രൂപ) നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 30-9-2002 വരെ ആ തുക ഗുജറാത്ത് ഗവൺമെന്റ് ഉപയോഗിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ജോലിയുടെ പുരോഗമനത്തെക്കുറിച്ച് അറിയിക്കുവാൻ ഗുജറാത്ത് ഗവൺമെന്റിനെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ജീവിച്ചിരിപ്പുള്ള സ്വാതന്ത്ര്യസമര സേനാനികൾ

6 (1474) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വാതന്ത്ര്യസമര സേനാനികൾ ജീവിച്ചിരിപ്പുണ്ടെന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആളുകളുടെ പേരുവിവരം വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ എത്രപേർക്ക് എന്തു തുക വീതം സ്വാതന്ത്ര്യസമര പെൻഷൻ നൽകിവരുന്നുണ്ടെന്നുള്ള കാര്യം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആളുകളിൽ നിന്ന് എന്തെങ്കിലും നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ഗവൺമെന്റ് പരിഗണിക്കുമോ ?

ഉത്തരം

(എ-ഇ) സ്വാതന്ത്ര്യസമര സേനാനികൾക്കും തുടർപെൻഷൻ വാങ്ങുന്ന അനന്തരാവകാശികൾക്കും സംസ്ഥാന പെൻഷൻ ഇനത്തിൽ പ്രതിമാസം 3,000 (മൂവായിരം) രൂപയും 7% ക്ഷാമബത്തയും നൽകിവരുന്നു. മറ്റു വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

പ്രതിപക്ഷനേതാവിന്റെ വിവിധ ഇനത്തിലുള്ള ചെലവുകൾ

7 (1475) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷനേതാവിന്റെ വസതിയും ഓഫീസും മോടിപിടിപ്പിക്കാൻ എത്ര രൂപ ചെലവാക്കിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly